ഗവ:എൽ.പി.സ്കൂൾ തിരുവഴാംകുന്ന്

# അക്കാദമിക് മാസ്റ്റർപ്ലാൻ

## 2025-26



Scanned with OKEN Scanner

# ആമുഖം

കാലങ്ങളായി ഒട്ടനവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്ന തിരുവിഴാംകുന്ന് ജി എൽ പി സ്കൂളിന്റെ ഇത്തവണത്തെ മാസ്റ്റർ പ്ലാനിലും വളരെ നൂതനവും പ്രക്രിയാധിഷ്ഠിതവുമായ ഒട്ടനവധി പുതിയ പ്രവർത്തനങ്ങളാണ് ഞങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്. ഒട്ടനവധി വെല്ലുവിളികൾ നിലനിൽക്കുന്നുണ്ട് എങ്കിലും, ഈ പരിപാടികളെല്ലാം തന്നെ കാലോചിതമായി പൂർത്തീകരിക്കണമെന്ന് തന്നെയാണ് ഞങ്ങളുടെ ലക്ഷ്യം. കുട്ടിയുടെ സർവ്വതോൻമുഖമായ വികാസം മുന്നിൽകണ്ട് ആസൂത്രണം ചെയ്ത ഈ മാസ്റ്റർ പ്ലാൻ, തീർച്ചയായും വളരെ നല്ല മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

Scanned with OKEN Scanner

# കാഴ്ചപ്പാട്

"നമ്മുടെ വിദ്യാലയം
നാടിന്റെ വിദ്യാലയം
നന്മയുടെ വിദ്യാലയം"

**ആമുഖം : സ്കൂൾ ചരിത്രം - ലഘുവിവരണം**

പാലക്കാട് റവന്യൂ ജില്ലയിൽ മണ്ണാർക്കാട് ബ്ലോക്കിൽ ഉൾപ്പെട്ട കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിൽ തിരുവിഴാംകുന്ന് (കോട്ടോപ്പാടം I) വില്ലേജിലാണ് തിരുവിഴാംകുന്ന് ഗവ: എൽ.പി.സ്കൂൾ സ്ഥിതിചെയ്യുന്നത്. മദ്രാസ് സർക്കാറിനു കീഴിൽ 1928 -29 വർഷത്തിൽ ശ്രീ കുട്ടൻ മേനോനാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. സ്വാതന്ത്ര്യസമരത്തോടൊപ്പം രാജ്യത്ത് സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ സജീവമായ ഈ കാലഘട്ടത്തിൽ ശ്രീ. പറമ്പോട്ടിൽ രാമകൃഷ്ണമേനോൻ എന്ന വ്യക്തിയുടെ വാടകക്കെട്ടിടത്തിലായിരുന്നു ഈ വിദ്യാലയം പ്രവർത്തിച്ചുവന്ന ത്. ആരംഭത്തിൽ രണ്ട് അധ്യാപികമാരാണ് ഈ സ്ഥാപനത്തിലുണ്ടായിരുന്നത് അന്ന് ഇത് ഒരു താലൂക്ക് ബോർഡ് സ്കൂളായിരുന്നു. പെൺകുട്ടികളുടെ പഠനസൗകര്യാർത്ഥം തുടങ്ങിയതുകൊണ്ടായിരിക്കാം ബോർഡ് ഗേൾസ് സ്കൂൾ തിരുവഴാംകുന്ന് എന്നായിരുന്നു ഈ വിദ്യാല
ത്തിന്റെ പേര്. പഠിപ്പിക്കുന്നതും അധ്യാപികമാരായിരുന്നു.

അന്ന് ഈ പ്രദേശം കുഗ്രാമമായിരുന്നതുകൊണ്ടും ജനങ്ങളിൽ ഭൂരിഭാഗവും വിദ്യാഭ്യാസ കാര്യത്തിൽ ശ്രദ്ധയും താത്പര്യവും ഉല്ലാത്തവരായിരുന്നതുകൊണ്ടും പ്രത്യേകിച്ചും ഒരു മലയരികത്തു കിടക്കുന്ന സ്ഥലമായതുകൊണ്ടും ഈ വിദ്യാലത്തിൻ്റെ പുരോഗതി വളരെ മന്ദഗതിയിലായിരുന്നു. പലപ്പോഴും പല വിഘ്നങ്ങളും ഈ വിദ്യാലത്തിന്റെ സഞ്ചാര പാതയിൽ തരണം ചെയ്യേണ്ടതായി വന്നിട്ടുണ്ട്.

സ്വന്തമായികെട്ടിടം ഇല്ല എന്നതായിരുന്നു മുഖ്യ പ്രശ്നം. നിലവിലെ കെട്ടിടം ബാലക്ഷയം വന്നതുമൂലം മറ്റൊരു മദ്രസാ കെട്ടിടത്തിൽ വെച്ചും കുറച്ചുകാലം സ്കൂൾ നടത്തേണ്ടിവന്നു. ഇടക്ക് വെച്ച് ഒന്നോ രണ്ടോ തവണ കെട്ടിടം ലഭ്യമല്ലാത്തതിന്റെ പേരിൽ സ്കൂൾ അടച്ചിടേണ്ടിവന്നതായുംകാണുന്നു. പിന്നീട് സ്കൂൾ നടത്തിപ്പിന് അനുയോജ്യമായ സ്ഥലം മറ്റെവിടേയും കിട്ടാതിരുന്നതിനാൽ അൽപം ദൂരെയുള്ള ശ്രീ.കെ.ശിവശങ്ക രമേനോന്റെ വകയായുള്ള ഒരു കളത്തിൽ വെച്ചും താത്കാലികമായി സ്കൂൾ നടത്തേണ്ടി വന്നിട്ടുണ്ട്. 1928 ൽ ആരംഭിച്ച ഈ

Scanned with OKEN Scanner

സ്കൂളിന് 1965 വരെയും സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാതെ പല പ്രയാസമങ്ങളും അനുഭവിക്കേണ്ടതായി വന്നിട്ടുണ്ട്.

അങ്ങനെ ഗത്യന്തരമില്ലാതെ ഈ സ്കൂൾ ഇവിടെനിന്നും ഇല്ലാതായിപ്പോകുമോ എന്ന ആശങ്കയുടെ കരിനിഴലിൽ നാട്ടുകാരും ജീവന ക്കാരും ദുഃഖിച്ചു കഴിഞ്ഞുകൂടുന്ന അവസരത്തിലാണ് ഈ നാട്ടിലെ മഹാ മനസ്കനായ ഒരു മാന്യ വ്യക്തി ശ്രീ. കളത്തിൽ സൈതാലി തന്റെ വക 1 ഏക്കർ 65 സെൻറ് സ്ഥലം സ്ക്കൂളിനായി സൗജന്യമായി അനുവദിച്ചത്. അന്ന് അദ്ദേഹം ഈ സ്ഥലം തന്നില്ലായിരുന്നു വെങ്കിൽ ഇന്ന് ഈ വിദ്യാലയം ഇവിടെ ഉണ്ടാകുമായിരുന്നോ എന്ന കാര്യം സംശയമാണ്. യാതൊരു പ്രതിഫലേഛയും കൂടാതെ തികച്ചും സൗജന്യമായി ഇത്രയും സ്ഥലം സ്കൂളിനായി സർക്കാരിലേക്ക് വിട്ടുനൽകിയ ശ്രീ. കളത്തിൽ സൈതാലി അവർകളുടെ മഹാ മനസ്കതയെ എത്ര അഭിനന്ദിച്ചാലും അധികമാവുകയില്ല. ഈ സ്ഥലത്ത് കെട്ടിടം പണി പൂർത്തിയാക്കി 31-03-1965 ന് സ്കൂൾ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുകയും ചെയ്തു.

ശ്രീ. കുഞ്ഞിരാമനെഴുത്തച്ഛനായിരുന്നു അന്നത്തെ പ്രധാനാധ്യാപകൻ. അതിനു ശേഷം ശ്രീ.കെ. രാഘവൻ നായർ, കെ.എം.ജനാർദ്ദന മേനോൻ, ശ്രീ.കെ.രാമദാസൻ, ശ്രീമതി. സി.സുഭദ്ര, ശ്രീ.കെ.കൃഷ്ണൻ, ശ്രീ. പി. വി. രാമചന്ദ്രൻ, ശ്രീമതി. ഭാനുമതി, ശ്രീമതി. കോമളവല്ലി, ശ്രീ. കെ.ഹംസ,ശ്രീ.കെ.അബൂബക്കർ എന്നിവരും കാലാകാലങ്ങളിൽ പ്രധാനാധ്യാപകരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 14-06-2011 മുതൽ ശ്രീ.എം.നാരായണൻ പ്രധാനാധ്യാപകനായി തുടർന്നു വരുന്നു.

ശ്രീ. രാഘവൻ നായർ ഹെഡ്മാസ്റ്ററായിരുന്ന കാലത്ത് അദ്ദേഹം അന്നത്തെ സഹപ്രവർത്തകരും വിദ്യാർത്ഥികളും കൂടി നട്ടുപിടിപ്പിച്ച താണ് ഇന്ന് സ്കൂൾ കോമ്പൗണ്ടിൽ പച്ച പിടിച്ചുനിൽക്കുന്ന ഫലവൃക്ഷങ്ങൾ. പ്രധാനാധ്യാപകനായിരുന്ന ശ്രീ.കെ. രാമദാസൻ മാസ്റ്റർ സർവ്വീ സിൽ നിന്നും വിരമിക്കുമ്പോൾ അദ്ദേഹത്തിന്റെ വകയായി പണികഴിപ്പിച്ചതാണ് സ്കൂൾ സ്റ്റേജ്. നിലവിലുള്ള ഐ ഷേപ്പിലുള്ള കെട്ടിടം കുട്ടി കളുടെ ബാഹുല്യം മൂലം അധ്യയനത്തിന് മതിയാകാതെ വന്നപ്പോൾ 01-12-1981 മുതൽ സെഷനൽ സമ്പ്രദായത്തിലാണ് സ്കൂൾ പ്രവർത്തിച്ചുവന്നത്. 537 കുട്ടികളും 15 അധ്യാപകരും ഉണ്ടായിരുന്ന അവസ്ഥയിലാണ് സെഷനൽ സമ്പ്രദായം നിർബന്ധമായത്.

Scanned with OKEN Scanner

1995 ൽ ശ്രീ.കുഞ്ഞൻ മാസ്റ്റർ, പ്രധാനാധ്യാപകനും ശ്രീ. വസന്തമോഹനൻ പി.ടി.എ. പ്രസിഡണ്ടുമായി 4 ക്ലാസ് മുറികളുള്ള ഒരു ഷെഡ്നിർമ്മിക്കുകയും 13 വർഷക്കാലം തുടർന്നു വന്ന സെഷനൽ സമ്പ്രദായത്തിന് അറുതി വരുത്തുകയും ചെയ്തു. 1999 ൽ ഡി.പി.ഇ.പി. അനുവദിച്ച ഫണ്ടുപയോഗിച്ച് മൂന്ന് ക്ലാസ് മുറികളുള്ള ഒറു കെട്ടിടം നിർമ്മിച്ചതോടെ ഭൗതിക സാഹചര്യങ്ങളുടെ കുറവ് പരിഹരിക്കപ്പെട്ടു. ക്ലാസ് റൂംവൈദ്യുതീകരണവും കുടിവെള്ള സൗകര്യവും ഇതോടെ പൂർത്തീകരിക്കപ്പെട്ടു.

ശ്രീ. പി.വി. രാമചന്ദ്രൻ മാസ്റ്റർ ഹെഡ്മാസ്റ്ററായിരുന്ന കാലത്താണ് പഞ്ചായത്ത് ഫണ്ടുപയോഗിച്ച് പിടിഎ യുടെ സഹായത്തോടെ സ്കൂളിലേക്ക് ഒരു റോഡ് നിർമ്മിച്ചത്. ഈ റോഡ് 2012-13 വർഷത്തിൽ പിടിഎയുടെ സഹകരണത്തോടെ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്യുകയുണ്ടായി.

ശ്രീമതി. ഭാനുമതി ടീച്ചർ പ്രധാനാധ്യാപികയും ശ്രീ. തയ്യിൽ മുഹമ്മദാലി പിടിഎ പ്രസിഡണ്ടുമായിരുന്ന കാലത്താണ് എസ്എസ്എ യുടെ ഫണ്ടുപയോഗിച്ച് രണ്ട് അധിക ക്ലാസ്സ് റൂമുകളും കോമ്പൗണ്ട് വാളും നിർമ്മിച്ചത്. 2002-2003 അധ്യയന വർഷത്തിൽ ശ്രീമതി. ഭാനുമതി ടീച്ചറുടെ യാത്രയയപ്പ് വേളയിൽ സ്കൂളിൻ്റെ പ്ലാറ്റിനം ജൂബിലി വിപുലമായ പരിപാടികളോടെ ആഘോഷിക്കുകയുണ്ടായി.

ശ്രീമതികോമളവല്ലി ടീച്ചർ പ്രധാധ്യാപികയായിരുന്ന കാലത്താണ് സ്കൂൾ ചുറ്റുമതിലിന്റെ പണി പൂർത്തിയായതും ക്ലാസ് മുറികളിൽ കുട്ടികൾക്കാവശ്യമായ ഫാൻ ലഭ്യമാക്കിയതും.

ശ്രീ.കെ.ഹംസമാസ്റ്റർ പ്രധാനാധ്യാപകനും ശ്രീ.എൻ.ചന്ദ്രശേഖരൻ പിടിഎ പ്രസിഡണ്ടുമായിരുന്ന കാലത്താണ് സ്കൂളിന് സ്വന്തമായി ഒരു മൈക്ക് സെറ്റ് എന്ന സ്വപ്നം ജനങ്ങളുടെ സഹകരണത്തോടെ യാഥാർത്ഥ്യമാക്കിയത്. 2009-10 അധ്യയന വർഷത്തിൽ മുൻ എം.എൽ.എ. യും നിയമസഭാ ഡെപ്യൂട്ടി സ്പീക്കറുമായിരുന്ന ശ്രീ. ജോസ്ബേബി അവർകൾഒരു കമ്പ്യൂട്ടറും ഒരു പ്രിൻ്ററും സ്കൂളിന് അനുവദിക്കുകയുണ്ടാ യി. 2011-12 അധ്യയന വർഷത്തിൽ ബഹു: എം.എൽ.എ. അഡ്വ: എൻ.ഷംസുദ്ദീൻ അവർകൾ ഒരു ലക്ഷം രൂപയുടെ കമ്പ്യൂട്ടറും അനുബന്ധ ഉപ കരണങ്ങളും സ്കൂളിനായി അനുവദിക്കുകയുണ്ടായി. ഇതുവഴി മുഴുവൻ കുട്ടികൾക്കും കമ്പ്യൂട്ടർ പഠനത്തിനുള്ള സൗകര്യം ലഭ്യമാവുകയു ണ്ടായി.

എസ്.എസ്.എ. ക്ലസ്റ്റർ സെൻ്ററായി ഈ വിദ്യാലയം പ്രവർത്തിച്ചുവരുന്നു. 2011-12 അധ്യയന വർഷം മുതൽ 31-05- 2022 വരെ പ്രധാനാധ്യാപകനായ ശ്രീ. കെ.അബൂബക്കറും ശ്രീ.എൻ.ചന്ദ്രശേഖരൻ, ശ്രീ. ഹംസ തോട്ടുങ്ങൽ

Scanned with OKEN Scanner

എന്നിവർ പ്രസിഡന്റായ പി.ടി.എ കമ്മിറ്റിയും സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. വിദ്യാലയത്തിന് സ്വന്തമായി ഒരു ഓപ്പൺ ഓഡിറ്റോറിയം എന്ന സ്വപ്നം സാക്ഷാത്കരിച്ചത് ഈ കാലഘട്ടത്തിലാണ്.

2020 ജൂൺ 1 മുതൽ ശ്രീ എം നാരായണൻ മാസ്റ്റർ , പിടിഎ പ്രസിഡന്റുമാരായ ശ്രീ ഹംസ തോട്ടുങ്ങൽ, ശ്രീ ഉമ്മർ വയമ്പൻ എന്നിവരുടെ നേതൃത്വത്തിൽ ഒട്ടനവധി വികസന പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടത്തി. വിദ്യാലയത്തിന്റെ എക്കാലത്തെയും ആവശ്യമായ ആധുനിക സൗകര്യങ്ങളോടുകൂടിയ അടുക്കളയുടെ ഉദ്ഘാടനം നടന്നത് ഈ കാലഘട്ടത്തിലാണ്. വൈദ്യുതി ആവശ്യമില്ലാതെ പ്രവർത്തിക്കുന്ന ഒരു സൗണ്ട് ബോക്സ് സ്കൂൾ സ്വന്തമാക്കിയതും ഈ കാലഘട്ടത്തിലാണ്. നിലവിൽ ശ്രീ രജീഷ് പി.ടി.എ പ്രസിഡൻറ് ആയുള്ള പി.ടി.എ കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രീ പ്രൈമറി നവീകരണം 'വർണ്ണക്കൂടാരം' പദ്ധതിയുടെ പണി പുരോഗമിച്ചു വരുന്നു. സ്കൂളിൻറെ മുഖച്ഛായ തന്നെ മാറ്റുന്ന ഈ പദ്ധതി ജി.എൽ.പിയുടെ ചരിത്രത്തിലെ പൊൻതൂവൽ തന്നെ ആയിരിക്കും.

വർഷങ്ങളായി സബ്ജില്ലയിൽ മികച്ച രീതിയിൽ അക്കാദമിക പ്രവർത്തനങ്ങൾ നടന്നുവരുന്ന ഒരു വിദ്യാലയമാണ് ഇത് എന്ന് അധികാരികൾക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. പാഠ്യപാഠ്യേതര രംഗങ്ങളിൽ വിദ്യാലയം മികച്ച നിലവാരം പുലർത്തിവരുന്നു.2011-12 അധ്യയന വർഷത്തിൽ സബ്ജില്ലാ കലോത്സവത്തിൽ ജനറൽ വിഭാഗത്തിൽ മൂന്നാം സ്ഥാനവും അറബി സാഹിത്യോത്സവത്തിൽ 30 പോയിന്റും ക്ലേ മോഡലിങ്ങിന് ജില്ലാ ശാസ്ത്രമേളയിൽ ഒന്നാം സ്ഥാനവും 2012- 13 വർഷത്തിൽ സബ് ജില്ലാ കലോത്സവം ജനറൽ വിഭാഗത്തിലും അറബി സാഹിത്യോത്സവത്തിലും വിദ്യാരംഗം കലാസാഹിത്യവേദി മത്സരങ്ങളിലും ഈ വിദ്യാലയം ഒന്നാം സ്ഥാനം നേടുകയുണ്ടായി. 2014- 15 അധ്യയനവർഷത്തിലും സബ്ജില്ലാ കലോത്സവത്തിൽ ജനറൽ വിഭാഗത്തിൽ ഒന്നാം സ്ഥാനവും അറബി സാഹിത്യോത്സവത്തിൽ രണ്ടാം സ്ഥാനവും നേടി എന്നുള്ളത് എടുത്തു പറയേണ്ടതാണ്. കായിക മത്സരങ്ങളിലും ഈ വിദ്യാലയം മികച്ച പ്രകടനം സബ് ജില്ലയിൽ കാഴ്ച വച്ചിട്ടുണ്ട്. 15- 6-2012 ന് ഈ സ്ഥാപനത്തിൽ പ്രീ പ്രൈമറി ക്ലാസുകൾ ആരംഭിക്കുകയുണ്ടായി ഇപ്പോൾ രണ്ടു ഡിവിഷനുകളിലായി 94 കുട്ടികൾ ഈ വിഭാഗത്തിൽ പഠിക്കുന്നു.

Scanned with OKEN Scanner

## വിദ്യാലയ മികവ് - കാഴ്ചപ്പാട്

എൽ.പി.ക്ലാസുകളിൽ വിവിധ വിഷയങ്ങളിൽ ഓരോ കുട്ടിക്കും ലഭിക്കേണ്ട ആശയധാരണകൾ, ശേഷികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കൽ

മാതൃഭാഷക്കൊപ്പം മറ്റുഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ

ഭാഷ എല്ലാവർക്കും എഴുത്തും വായനയും ഉറപ്പാക്കൽ, പ്രത്യേക പരിശീലനക്ലാസുകൾ നൽകൽ, വായനാസാമഗ്രികൾ തയ്യാറാക്കൽ, പരിശീലനം നൽകൽ

ആശയ വിനിമയ ശേഷിക്ക് പ്രത്യേകം ഊന്നൽ ആത്മ വിശ്വാസം വർദ്ധിപ്പിക്കൽ ഹലോ ഇംഗ്ലീഷ്, SPEL (Special programme for English Learning) പോലെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യൽ

ഗണിതം സംഖ്യാ ക്രിയകൾ പരിചയപ്പെടുന്നതിനും പ്രാദേശിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനും ചതുഷ്ക്രിയകൾ രസകരമായി ചെയ്യുന്ന ഗണിതലാബ് സജ്ജീകരിക്കൽ

കലാ-കായിക പ്രവൃത്തി പരിചയ പരിശീലനം : വിദഗ്ധ അധ്യാപകരുടെ നേതൃത്വത്തിൽ പരിശീലനം പ്രത്യേകം ക്ലാസ് നൽകൽ

സൈക്ലിംഗ്, നീന്തൽ എന്നിവയിലൂടെ കായിക ക്ഷമത ഉറപ്പാക്കൽ, കലാ രംഗത്ത് സർഗാത്മകമായ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ ഒരുക്കൽ

കമ്പ്യൂട്ടർ വിദ്യാഭ്യാസം : ഐ.സി.ടി. സാധ്യത ഉപയോഗിച്ചുപഠന പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തൽ - വികസിപ്പിക്കൽ ഉന്നത വിദ്യാഭ്യാസ നിലവാരം ഉറപ്പിക്കുന്നതിനാവശ്യമായ വിഭവ സമാഹരണം നടത്തൽ അധ്യാപകർക്ക് വിദഗ്ധ പരിശീലനം

Scanned with OKEN Scanner

ഭൗതികം:

നിലവിൽ 13 ക്ലാസ് മുറികളിലാണ് വിദ്യാലയം പ്രവർത്തിക്കുന്നത് ഇതിൽ 1 എണ്ണം ഓഫീസ് കം സ്റ്റാഫ് റൂമായും ഒരെണ്ണം കമ്പ്യൂട്ടറും & ലൈബ്രറി ആയും പ്രവർത്തിക്കുന്നു. ബാക്കിവരുന്ന 11 ക്ലാസ് മുറികകളിൽ വിദ്യാർത്ഥികൾ ഞെരുങ്ങിയാണ് അധ്യയനം നടത്തുന്നത്. പ്രീപ്രൈമറിക്കായി രണ്ടു ക്ലാസ് റൂമുകൾ അത്യാവശ്യമാണ്.

വിദ്യാലയത്തിന് സ്വന്തമായി ഒരു കളിസ്ഥലം അനിവാര്യമായിരിക്കുന്നു.

നിലവിൽ ചെറുതായി തുടങ്ങിയ കുട്ടികളുടെ പാർക്ക് കൂടുതൽ റൈഡുകൾ ഉപയോഗിച്ച് വിപുലീകരിക്കേണ്ടതുണ്ട്.

എല്ലാ ക്ലാസ് മുറികളിലും ICT സാധ്യതകൾക്കായി ടിവികൾ ലഭ്യമാക്കേണ്ടതുണ്ട്.

നിലവിലുള്ള സ്റ്റേജിലെ മേൽക്കൂര ഉണ്ടാക്കേണ്ടതും അടച്ചുറപ്പുള്ളതും ആക്കേണ്ടതുണ്ട്.

കുട്ടികൾക്ക് ഭക്ഷണം കഴിക്കുന്നതിനായി ഡൈനിങ് റൂം സജ്ജീകരിക്കേണ്ടതുണ്ട്.

കുട്ടികളുടെ സുഗമമായ സഞ്ചാരത്തിന് സ്വന്തമായി ഒരു ബസ് അനിവാര്യമാണ്.

ഇംഗ്ലീഷ് പഠനം പ്രോത്സാഹിപ്പിക്കുന്നതിനായി കുട്ടികൾക്ക് വായന ഉറപ്പുവരുത്താൻ ഓരോ ക്ലാസിലും അനുയോജ്യമായ വായനാകാർഡുകളുടെ അഭാവം.

സിപിടിഎ യോഗങ്ങളിൽ പൂർണ പങ്കാളിത്തം ഉറപ്പാക്കി പിന്തുണാ സംവിധാനം ശക്തിപ്പെടുത്തൽ..

ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും കലാ-കായിക-പ്രവൃത്തി പരിചയ അധ്യാപകരുടെ സേവനം ഉറപ്പുവരുത്തൽ.

ഓരോ ടേമിലും കുട്ടികളുടെ മികവുകൾ പ്രദർശിപ്പിക്കാനും രക്ഷിതാക്കൾക്ക് വിലയിരുത്തുവാനും അവസരം നൽകൽ.

ഓരോ ടേമിലും കുട്ടികളുടെ സർഗാത്മകത പരിപോഷിപ്പിക്കുവാൻ സ്കൂൾതല പത്രം മാഗസിനുകൾ എന്നിവ പ്രസിദ്ധീകരിക്കൽ.

Scanned with OKEN Scanner

## സാധ്യതകൾ (Oportunity)

സ്കൂൾ പ്രവർത്തനങ്ങളിൽ താല്പര്യമുള്ള രക്ഷിതാക്കളും യുവജനസമൂഹവും

PTA, SMC, MPTA, OSA, SSG

വ്യത്യസ്തമേഖലകളിൽ മികവുതെളിയിച്ച വ്യക്തികൾ

- ചരിത്ര അവശേഷിപ്പുകൾ

## ഭീഷണികൾ (Threat)

2 കിമീ ചുറ്റളവിൽ എയ്ഡഡ്, അൺഎയ്ഡഡ് വിദ്യാലയങ്ങൾ

ഐടി മേഖലയിൽ അധ്യാപകർക്കുള്ള പരിജ്ഞാനക്കുറവ്

വർഷംതോറും കുട്ടികളുടെ എണ്ണത്തിൽ വരുന്ന കുറവ്

കൂടാതെ വേണ്ടത്ര സൗകര്യമുള്ള ലൈബ്രറി റൂം. വായനാമുറി എന്നിവ വിദ്യാലയത്തിലില്ലാത്തത് പരിമിതിയാണ്

## കുട്ടികളുടെ പഠന നിലവാരം

ഓരോ ക്ലാസിലും ശരാശരി 10 മുതൽ 15 ശതമാനം വരെ കുട്ടികൾ പ്രതീക്ഷിത നിലവാരത്തിൽ എത്താതെ പിന്നോക്കം നിൽക്കുന്നവ
രാണ് എന്നത് വസ്തുതയാണ്.

Scanned with OKEN Scanner

## ശക്തി (strength)

ആത്മാർത്ഥതയും അർപ്പണ മനോഭാവവുമുള്ള തദ്ദേശവാസികളായ അധ്യാപകർ

സ്ക്കൂളിന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന PTA, MSC, MPTA, OSA ക്ലബ്ബുകൾ സന്നദ്ധ സംഘടനകൾ

ജനപ്രതിനിധികളുടെ പിന്തുണയും ശ്രദ്ധയും

## പരിമിതികൾ (Weakness)

സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്നും വരുന്ന കുട്ടികൾ

കളിസ്ഥലത്തിന്റെ അഭാവം

സ്വന്തമായി വാഹന സൗകര്യം ഇല്ലായ്

സ്ക്കൂൾ തല ലൈബ്രറി റൂം, റീഡിംഗ് റൂം എന്നിവയുടെ അഭാവം

സ്മാർട്ട് ക്ലാസ് റൂം ഇല്ല

രണ്ട് ക്ലാസ് മുറികളുടെ കുറവ്

ഉച്ചഭക്ഷണം കഴിക്കുന്നതിന് ഡൈനിംങ്ങ് റൂം ഇല്ല

Scanned with OKEN Scanner

ക്ലാസ് മുറികൾ പുസ്തക സജ്ജീകരണം. ICT സജ്ജീകരണം, പ്രദർശനം മികച്ച വായനാ അന്തരീക്ഷം എന്നിവയുടെ കുറവ്

ക്ലാസുകൾക്കിടയിലെ ഇടഭിത്തി/ ഷട്ടർ അഭാവം

എല്ലാ ക്ലാസ് മുറികളും ആകർഷകമാക്കൽ (ചിത്രപ്പണികൾ)

ക്ലാസ് മുറികളിൽ കുട്ടികളുടെ ഉൽപ്പന്നങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യക്കുറവ്

കായിക പരിശീലനം നൽകാനുള്ള ഉപകരണങ്ങളുടെ കുറവ്

Scanned with OKEN Scanner

| CLASS | BOYS | GIRLS | TOTAL | SC | | | Others | | | Muslim OBC | | | OBC | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | B | G | Total | B | G | Total | B | G | Total | B | G | Total |
| I | 25 | 37 | 62 | 01 | 01 | 02 | 01 | 03 | 04 | 18 | 29 | 47 | 05 | 04 | 09 |
| II | 36 | 29 | 65 | 01 | 02 | 03 | 00 | 02 | 02 | 33 | 24 | 57 | 02 | 01 | 03 |
| III | 33 | 30 | 63 | 02 | 00 | 02 | 01 | 01 | 02 | 27 | 26 | 53 | 03 | 03 | 06 |
| IV | 25 | 30 | 55 | 01 | 00 | 01 | 01 | 00 | 01 | 18 | 26 | 44 | 05 | 04 | 09 |
| Pre | 55 | 39 | 94 | 00 | 00 | 00 | 00 | 00 | 00 | 00 | 00 | 00 | 00 | 00 | 00 |
| Total | 174 | 165 | 339 | 05 | 03 | 08 | 03 | 06 | 09 | 96 | 105 | 201 | 15 | 12 | 27 |

Scanned with OKEN Scanner

| NAME | DESIGNATION | CHARGES |
|---|---|---|
| M.NARAYANAN | HEAD MASTER | |
| M.A.SIDDIQHA | P.D TEACHER | SENIOR ASSISTENT |
| P.ASYA | P.D TEACHER | VIDHYARANGAM |
| GOVINDANKUTTY.P | LPST | TOUR,PSITC |
| SUJISHA .K.B | LPST | SRG CONVENOR, ARTS |
| SHAIMA.V | LPST | SS CLUB |
| MUHAMMED SAKKEER T K | Jr.ARABIC | ALIF ARABIC CLUB |
| ABDULHAKKEEM | Jr.ARABIC | ALIF ARABIC CLUB |
| NAJMA K V | LPST | SCIENCE CLUB |
| RASHIDA BINTH ABBAS | LPST | "NALLAPAADAM" |
| RASHIDA.M | LPST | ENGLISH CLUB |
| SHABNA M.H | LPST | QUIZE |
| SAVITRI | PTCM | |
| BENASIRA | PRE-PRIMARY TEACHER | |
| PRAMEELA | PRE-PRIMARY TEACHER | |
| SOBHANA | PRE-PRIMARY AAYA | |
| SABITHA | PRE-PRIMARY AAYA | |
| PRAVEENA | COOK | |

Scanned with OKEN Scanner

# മലയാളം

| S/No | PROGRAM | ACTIVITY | DURATION | IN CHARGE | EXPENSE |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ മുന്നേറ്റം. | Pre test<br>_കുട്ടികളെ കണ്ടെത്തൽ<br>_ വെള്ളിയാഴ്ചകളിൽ പ്രത്യേക പരിശീലനം.<br>_അക്ഷരം ഉറപ്പിക്കൽ<br>ചിഹ്നം ഉറപ്പിക്കൽ<br>_ വാക്കുകൾ വാക്യങ്ങൾ എന്നിവ അടങ്ങിയ വായന കാർഡ്.<br>ചിത്രം ഉപയോഗിച്ച് കഥനിർമാണം അടിക്കുറിപ്പ്, തുടങ്ങിയ പ്രവർത്തനങ്ങൾ<br>-പ്രത്യേക വാട്സ്ആപ് ഗ്രൂപ്പ് ഉണ്ടാക്കി തുടർ പ്രവർത്തനങ്ങൾ നൽകൽ | June Second Week onwards.. | In Charge Teacher | |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക. | *വായനാ മൂല<br>* റീഡേഴ്സ് തിയേറ്റർ<br>* ആഴ്ചയിൽ ഒരു കുട്ടിക്ക് ഒരു പുസ്തകം. *വർഷത്തിൽ ഏറ്റവും | June Third week Onwards | Class Teacher | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | | കൂടുതൽ പുസ്തകങ്ങൾ വായിച്ച്<br>ആസ്വാദനക്കറിപ്പ് തയ്യാറാക്കൽ,<br>സമ്മാനം നൽകൽ<br>* ഒഴിവ് വേളകളിൽ റിഡിങ് റൂമിൽ<br>പത്രവായന, വായനാ കാർഡ്,<br>പുസ്തകങ്ങൾ. | | | |
| 3. | കട്ടിയെ മികച്ച എഴുത്തുകാരൻ ആക്കക | സംയുക്ത ഡയറി<br>സചിത്ര<br>പുസ്തകം<br>വായനാക്കറിപ്പ് എഴുതൽ<br>രചനാ ശേഖരം<br>സർഗാത്മക ഡയറി<br>രചനോത്സവം<br>ശില്പശാലകൾ | June First Week Onwards | Class Teacher | |
| 4. | " TIP 24" ( TALENT INNOVATIVE PROGRAM ) | * പ്രീ ടെസ്റ്റ്<br>* കണ്ടെത്തൽ<br>* ഗ്രൂപ്പ് ആക്കൽ<br>* അധിക വായന<br>പ്രവർത്തനങ്ങൾ<br>* വായന കറിപ്പ് എഴുതൽ<br>* സാഹിത്യകാരന്മാരെ | June second Week Onwards | English Club Teachers | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | | പരിചയപ്പെടുത്തൽ<br>* ഇംഗ്ലീഷ് ഫോണറ്റിക്സ് ക്ലാസ്<br>* ക്വിസ് പ്രോഗ്രാം<br>* എൽഎസ്എസ് പരിശീലനം<br>* ശില്പശാലകൾ | | | |
| | കാവ്യോത്സവം | # കവിതാലാപന മത്സരങ്ങൾ | First Term ,Second Term & Third Term | 4 th STD Teachers | |
| | കാവ്യാവിഷ്കാരം | #കവിത, കഥ എന്നിവ സ്കിറ്റ്, കൊറിയോഗ്രാഫി രൂപത്തിൽ അവതരിപ്പിക്കൽ | First Term ,Second Term & Third Term | 4 th STD Teachers | |
| | സർഗാത്മക ഡയറി | # ഡയറി എഴുത്തിൽ സർഗാത്മ ശേഷികൾ കൂടി ഉൾചേർത്ത് കുട്ടികളെ മികച്ച എഴുത്തുകാരനാക്കാനുള്ള പ്രവർത്തനം | June Onwards | Class Teachers | |

Scanned with OKEN Scanner

## ഗണിതം

### ലക്ഷ്യങ്ങൾ

1.1-10000 വരെയുള്ള സംഖ്യാ ബോധം

2. നിത്യ ജിവിതത്തിൽ ഗണിതത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു, തിരിച്ചറിയുന്നു.

3. രസകരമായും താല്പര്യത്തോടെയും ഗണിത പഠനത്തെ സമീപിക്കുന്നു.

4. ഞാൻ വിവിധ ഗണിത ലേഖനങ്ങൾ പുസ്തകങ്ങൾ ജീവചരിത്രങ്ങൾ എന്നിവ വായിക്കാനുള്ള താല്പര്യം.

5. അടിസ്ഥാന നൈപുണി ഉറപ്പിക്കുന്നതിനും ചതുഷ്ക്രിയകൾ ചെയ്യുന്നതിനും പ്രാപ്തി നേടുക

6. ഗണിത പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ തിരിച്ചറിഞ്ഞ് പ്രവർത്തനങ്ങൾ മനസ്സിലാക്കി പ്രവർത്തന പാക്കേജ് രൂപീകരിക്കൽ.

Scanned with OKEN Scanner

| S/No | PROGRAM | ACTIVITY | DURATION | IN CHARGE | EXPENSE |
|---|---|---|---|---|---|
| | 'ഗണിതം മധുരം' | SRG യിൽ ഓരോ ക്ലാസിലും കുട്ടിക്ക് ലഭിക്കേണ്ട ശേഷികൾ ലിസ്റ്റ് ചെയ്യൽ, പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ, സാമഗ്രികൾ തയ്യാറാക്കൽ.<br><br>* ശില്പശാല ഒരുക്കൽ<br>* ഗണിത സഞ്ചി സചിത്ര ഗണിതം ഗണിത പെട്ടി എന്നിവ തയ്യാറാക്കൽ.( ഓരോ ക്ലാസിലും )<br><br>* ഗണിത കളികൾ സംഖ്യാ ഗാനങ്ങൾ ഓരോ ക്ലാസിനും നിലവാരത്തിന് അനുസരിച്ച് ലിസ്റ്റ് ചെയ്യൽ<br>* ഉല്ലാസ ഗണിതം, ഗണിത ലാബ് എന്നിവയുടെ ഫലപ്രദമായ ഉപയോഗം.<br>* ഗണിത മേള ഗണിത ക്വിസ് പ്രവർത്തിപരിചയമേളയോട് | June Second Week | Class Teacher | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | | അനുബന്ധിച്ച എല്ലാ കുട്ടികൾക്കും പങ്കെടുക്കുന്നതിന് ഗണിത മേള സംഘടിപ്പിക്കൽ.<br>* ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ, ലേഖനങ്ങൾ എന്നിവ വായന ഗണിത രൂപങ്ങൾ ഉപയോഗിച്ച് വിവിധ മോഡലുകൾ ഉണ്ടാക്കൽ.<br>* രണ്ടാം: മൂന്ന് നാല് ക്ലാസിലെ ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക ക്ലാസുകൾ | | | |

Scanned with OKEN Scanner

# English

* To speak, read and write without any mistake
* To enlarge vocabullary.
* Use simple english in appropriate situations

Scanned with OKEN Scanner

| Sl. No | Program | Activity | Duration | In Charge | Expense |
|---|---|---|---|---|---|
| 1. | ഇംഗ്ലീഷ് അസംബ്ലി. | Pledge, rhyme, Short notes, Speech, skit എന്നിവ അവതരിപ്പിക്കൽ | മാസത്തിൽ ഒന്ന് | ഇംഗ്ലീഷ് ക്ലബ്. | |
| 2. | SPEL Special programme for English Learning | 2,3,4 ക്ലാസുകളിലെ തെരഞ്ഞെടുത്ത കുട്ടികൾക്ക് പ്രത്യേക Spoken English ക്ലാസുകൾ | | English club | |
| 3. | English class Library. | ഓരോ ക്ലാസിനും വേണ്ട പുസ്തകങ്ങൾ വായനാ കാർഡുകൾ എന്നിവ സജ്ജീകരിക്കൽ | ജൂൺ മുതൽ | ക്ലാസ് ടീച്ചർ | |
| 4. | A sentence in a week | 1,2,4 3,4 ക്ലാസിലെ കുട്ടികൾക്ക് ഓരോ ആഴ്ചയിലും ഓരോ sentence കൂടുതൽ ഉദാഹരണങ്ങൾ സഹിതം നൽകുന്നു. | ജൂലൈ മുതൽ | ക്ലാസ് ടീച്ചർ. | |

Scanned with OKEN Scanner

| Sl.No | Program | Activity | Duration | In charge | Expense. |
|---|---|---|---|---|---|
| | Let's have a book | Class 1 to 4 student contributes a page (picture + sentence) to create a class book like 'our favourite animals, flowers etc | Starts July | Class Tr. | |

Scanned with OKEN Scanner

## പരിസര പഠനം.

ലക്ഷ്യങ്ങൾ

* പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിവുണ്ടാക്കുക.
* വിവിധ ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനും വിവിധ മാതൃകകൾ നിർമിക്കാനും കഴിവുണ്ടാക്കുക.
* വിവിധ ശാസ്ത്രപുസ്തകങ്ങൾ വായിക്കാൻ കഴിയുക.
* പ്രോജക്ടുകളിൽ ഏർപ്പെടാൻ കഴിയുക
* വിവിധ കണ്ടുപിടുത്തങ്ങളിൽ ഏർപ്പെടാനുള്ള കഴിവ്
* മാനദണ്ഡങ്ങൾക്കനുസരിച്ച് തന്നിരിക്കുന്നവയെ വർഗീകരിക്കുക,
* പ്രകൃതിയുമായി അടുത്തിടപഴകാനും നിരീക്ഷണങ്ങൾക്കനുസരിച്ച് നിഗമനങ്ങൾ രൂപീകരിക്കാനും കഴിയുക.

Scanned with OKEN Scanner

| Sl.No | Program | Activity | Duration | In charge | Expense |
|---|---|---|---|---|---|
| 1. | പരീക്ഷണ നിരീക്ഷണങ്ങൾ | പരീക്ഷണങ്ങൾ, ഫീൽഡ് ട്രിപ്പ്, ദിനാചരണങ്ങൾ (പാഠഭാഗവുമായി ബന്ധപ്പെട്ട് | ഒഴിവു ദിനങ്ങൾ, ദിനാചരണങ്ങൾ | സയൻസ് ക്ലബ്. | |
| 2. | മാതൃകാ നിർമ്മാണം സയൻസ് Fest | പരീക്ഷണങ്ങൾ ചെയ്യൽ, വിവിധ മാതൃകകൾ നിർമ്മിക്കൽ | ശാസ്ത്രദിനം. | | |
| 3. | വായന | പാഠഭാഗവുമായി ബന്ധപ്പെട്ട് വിവിധ ശാസ്ത്രജ്ഞൻമാരുടെ പുസ്തക പരിചയം | പാഠഭാഗവുമായി ബന്ധപ്പെട്ട് ഒഴിവുസമയങ്ങളിൽ | ക്ലാസ് ടീച്ചർ | |
| 4. | പ്രൊജക്ട് | ചുറ്റുമുള്ള ലഘുപ്രവർത്തനങ്ങൾ പ്രൊജക്ടുകളായി അവതരിപ്പിക്കാനവസരം | പാഠഭാഗവുമായി ബന്ധപ്പെട്ട് | ക്ലാസ് ടീച്ചർ. | |
| 5. | വർഗ്ഗീകരണം. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ, പ്രൊജക്ടുകൾ നിരീക്ഷണവുമായി | പാഠഭാഗവുമായി ബന്ധപ്പെട്ട് | പരിസ്ഥിതി ക്ലബ്. | |

Scanned with OKEN Scanner

| Sl No | Program | Activity | Duration | In Charge | Expense |
|---|---|---|---|---|---|
| 6. | പരിസ്ഥിതിയോടടുത്ത് | ജൈവ വൈവിധ്യ പാർക്ക് രൂപീകരണം | പാഠഭാഗവുമായി ബന്ധപ്പെട്ട് | പരിസ്ഥിതി ക്ലബ്. | |

| Sl No | Program | Activity | Duration | In charge | Expense. |
| --- | --- | --- | --- | --- | --- |
| 1 | തെറ്റ് കൂടാതെ വായിക്കാൻ കഴിവു സാക്കുന്നു. | അക്ഷര വായന, ക്ലാസ് വായന, ലൈബ്രറി വായന, ചിത്ര വായന, മാഗസിൻ വായന, കഥാ വായന, വായനാ മത്സരങ്ങൾ, വ്യാകരണങ്ങൾ, ഇ-വായന | ജൂൺ-ജൂലൈ<br>ജൂൺ-ഫെബ്രുവരി<br>നവംബർ ഡിസംബർ | അധ്യാപകർ. | PTA<br>SRG. |
| 2. | അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന്. | ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അറബിയിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു. language games, Role play, ക്ലാസ് സംഭാഷണം, പ്രദർശനം, പദസമ്പത്ത് വർധിപ്പിക്കൽ. | ജൂലൈ-മാർച്ച്<br>ജൂൺ-മാർച്ച് | അധ്യാപകർ | " |
| 3 | അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം. | അക്ഷരങ്ങൾ ഉറപ്പിക്കൽ, പദങ്ങൾ ഉറപ്പിക്കൽ, ചിഹ്നങ്ങൾ ഉറപ്പിക്കൽ, എഴുത്ത്, അക്ഷരക്കാർഡ് നിർമാണം, മാസിക. | ജൂൺ-മാർച്ച്<br>ജൂൺ-മാർച്ച്<br>ഡിസംബർ-സെപ്റ്റംബർ | അധ്യാപകർ. | |

ികളുടെ ശാരീരികവും മാനസികവും ഭാഷാപരവുമായ വികാസം മുന്നിൽകണ്ട് ഒരു വർഷക്കാലത്തേക്ക് പ്പിലാക്കാൻ വേണ്ടി തയ്യാറാക്കിയിരിക്കുന്ന പ്രവർത്തനങ്ങളാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ച്ചേർത്തിരിക്കുന്നത് . ഇവയുടെ ആസൂത്രണം ക്ലാസ് സ്ഥലങ്ങളിൽ നടത്തുകയും ,ഓരോ ക്ലാസിലും യോജിച്ചവ ഖപ്പെടുത്തിയ സമയങ്ങളിൽ, ഓരോ വിഷയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം നടത്തുമ്പോൾ ശദമായി ചർച്ചചെയ്യുകയും അതിൻറെ ഭാഗമായി പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്. ഇത് ർണ്ണമാണെന്ന് അവകാശപ്പെടുന്നില്ല. തുടർന്നുള്ള പല ഘട്ടങ്ങളിലും നമ്മുടെ സ്ഥാപനത്തിൻറെ സാധ്യതകൾക്ക് നുസരിച്ച് നൂതനമായ പദ്ധതികൾ, പഠനബോധനതന്ത്രങ്ങൾ എന്നിവ ചേർത്തുകൊണ്ട് ഇതിനെ പരിഷ്കരിക്കാൻ മിക്കുന്നതാണ്

എന്ന്
ടീം. ജി. എൽ. പി

Scanned with OKEN Scanner